## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 544** **19.03.2013 ലെ മറുപടിയ്ക്ക്**

## കേന്ദ്രബഡ്ജറ്റിലെ നികുതിക്കണക്കുകൾ

| | ചോദ്യം<br><br>ഡോ. ടി.എം. തോമസ് ഐസക് | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്ര ഗവണ്മെന്റ് 28-02-2013-ൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ നികുതിവിഹിതത്തിൽ കുറവുകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ ഈ വർഷവും, അടുത്ത വർഷവും കുറവുകൾ അനുഭവപ്പെടുമെന്ന് വ്യക്തമാക്കുമോ; | (എ) | 28-02-2013-ലെ കേന്ദ്രബഡ്ജറ്റിലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2012-13 വർഷത്തിൽ കേരളത്തിനുള്ള നികുതി വിഹിതം 6840.65 കോടി രൂപയാണ്. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 241.56 കോടി രൂപ കുറവാണ്. 2012-2013 -ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം കോർപ്പറേഷൻ നികുതിയിൽ 93.16 കോടി, സമ്പത്ത് നികുതിയിൽ 2.83 കോടി, കസ്റ്റംസ് നികുതിയിൽ 131.21 കോടി, എക്സൈസ് നികുതിയിൽ 97.66 കോടി എന്നിങ്ങനെ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും ഇനത്തിൽ നികുതികൾ ഈ വർഷവും, അടുത്ത വർഷവും കൂടുതൽ പ്രതീക്ഷിക്കാമോ; എങ്കിൽ എത്രവീതം; വ്യക്തമാക്കുമോ ? | (ബി) | 2012-13 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആദായ നികുതിയിൽ 77.27 കോടി, സേവന നികുതിയിൽ 64.28 കോടി എന്നിങ്ങനെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം കോർപ്പറേഷൻ നികുതിയിൽ 324.40 കോടി, ആദായ നികുതിയിൽ 267.57 കോടി, സമ്പത്ത് നികുതിയിൽ 0.62 കോടി, കസ്റ്റംസ് നികുതിയിൽ 159.47 കോടി, എക്സൈസ് നികുതിയിൽ 142.41 കോടി, സേവന നികുതിയിൽ 350.42 കോടി എന്നിങ്ങനെ വർദ്ധനവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.